# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ ജന്മവാർഷികം സമുചിതമായി ആചരിച്ച് രാജ്യം. ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രനേതാക്കൾ.

   **The country celebrated the birth anniversary of the architect of the Indian Constitution, Dr. B.R. Ambedkar. National leaders paid tributes.**

2. ഡോ. അംബേദ്കറുടെ ദർശനങ്ങൾക്ക് അനുസൃതമായി എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള നയങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says that the government is adopting policies that include everyone in line with the vision of Dr. Ambedkar.**

3. രാജ്യത്തെ നീതിന്യായ വ്യവസ്ഥയെ ജനകേന്ദ്രീകൃതവും ശാസ്ത്രീയവുമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says that the government is trying to make the country's judicial system people-centric and scientific.**

4. ഗുജറാത്ത് തീരത്ത് വൻ മയക്കു മരുന്ന് വേട്ട. 1,800 കോടി രൂപ വിലമതിക്കുന്ന 300 കിലോഗ്രാം മെത്താംഫെറ്റാമൈൻ ഭീകരവിരുദ്ധ സ്ക്വാഡും ഇന്ത്യൻ തീരാ സുരക്ഷാ സേനയും ചേർന്ന് പിടിച്ചെടുത്തു.

**Major drug bust on the Gujarat coast. 300 kg of methamphetamine worth Rs 1,800 crore was seized by the Anti-Terrorism Squad and the Indian Coast Guard.**

5. കേരളത്തെ ദാരിദ്ര്യമുക്തമാക്കാൻ ലക്ഷ്യമിട്ട് ഫലപ്രദമായ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കി വരികയാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി.

**Minister J. Chinjurani says that the state government is implementing effective schemes aimed at making Kerala poverty-free.**

6. ഐപിഎൽ ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയൻറ്സ്- ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം.

**Lucknow Super Giants-Chennai Super Kings clash in IPL cricket.**

**&&&&&&&&&&&&&&&&**

## HEADLINE 1

## PREZ-PM - AMBEDKAR JAYANTI

ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ ജന്മവാർഷികം സമുചിതമായി ആചരിച്ച് രാജ്യം. ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രനേതാക്കൾ. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മറ്റ് പാർലമെന്റംഗങ്ങൾ തുടങ്ങിയവർ ഇന്ന് രാവിലെ പാർലമെൻറ് മന്ദിരത്തിലെ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. സാമൂഹികമാറ്റത്തിനും ശാക്തീകരണത്തിനുമുള്ള ഉപാധിയായി വിദ്യാഭ്യാസത്തെ കണ്ടിരുന്ന ഡോ. അംബേദ്കറുടെ ആദർശങ്ങൾ പിന്തുടരാൻ രാഷ്ട്രപതി ആഹ്വാനം ചെയ്തു. രാജ്യത്തിന്റെ ജനാധിപത്യം ശക്തിപ്പെടുത്താൻ ഡോ.അംബേദ്കർ നടത്തിയ പരിശ്രമങ്ങൾ ഭരണഘടനാ തത്വങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ നമ്മെ നയിക്കുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

**&&&&&&&&&&&&&&&&**

## HEADLINE 2

## NEW PM HARYANA-INTRO

ഡോ. അംബേദ്കറുടെ ദർശനങ്ങൾക്ക് അനുസൃതമായി എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള നയങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വഖഫ് നിയമ ഭേദഗതി പാവപ്പെട്ട മുസ്ലീങ്ങൾക്ക് ഗുണം ചെയ്യുമെന്നും ആദിവാസി ഭൂമി സംരക്ഷിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഹരിയാനയിലെ ഹിസാറിലും യമുന നഗറിലും വിവിധ വികസന പ്രവർത്തനങ്ങൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിച്ചു. 8,470 കോടി ചെലവിൽ സ്ഥാപിക്കുന്ന 800 മെഗാവാട്ട് അത്യാധുനിക താപവൈദ്യുത നിലയവും ഇതിൽ ഉൾപ്പെടുന്നു. വികസിത ഭാരതത്തിനായുള്ള പ്രവർത്തനങ്ങളിൽ വൈദ്യുതി ലഭ്യത സുപ്രധാനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## TELANGANA -SC CLASSIFICATION

ഡോ. ബി.ആർ. അംബേദ്കറുടെ ജന്മവാർഷിക ദിനത്തിൽ പട്ടികജാതി സംവരണ പുനർഘടന നിയമം തെലങ്കാന സംസ്ഥാന സർക്കാർ ഔദ്യോഗികമായി നടപ്പിലാക്കി. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം, ആനുകൂല്യങ്ങളുടെ തുല്യമായ വിതരണം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ 56 പട്ടികജാതി വിഭാഗങ്ങളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, തൊഴിൽ, രാഷ്ട്രീയ പ്രാതിനിധ്യം എന്നിവയിലെ സംവരണത്തെക്കുറിച്ചുള്ള ഭാവി നയങ്ങൾക്ക് ഈ നിയമം വഴികാട്ടുമെന്ന് ചൂണ്ടികാണിക്കപ്പെടുന്നു. കഴിഞ്ഞ മാസം സംസ്ഥാന നിയമസഭ പാസാക്കിയ ബില്ലിന് ഗവർണർ അനുമതി നൽകിയതിനെ തുടർന്നാണ് ഇന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

&&&&&&&&&&&&&&&&

## HEADLINE 4

## GUJARAT-DRUGS

ഗുജറാത്ത് തീരത്ത് വൻ മയക്കു മരുന്ന് വേട്ട. ഗുജറാത്ത് ഭീകരവിരുദ്ധ സ്ക്വാഡും ഇന്ത്യൻ തീര സുരക്ഷാ സേനയും സംയുക്തമായി നടത്തിയ തിരച്ചിലിനിടെയാണ് 1,800 കോടി രൂപ വിലമതിക്കുന്ന 300 കിലോഗ്രാം മെത്താം ഫെറ്റാമൈൻ പിടിച്ചെടുത്തത്. പരിശോധനക്കിടെ കോസ്റ്റ് ഗാർഡ് തടഞ്ഞ കപ്പലിൽ നിന്നും പ്രതികൾ മയക്കുമരുന്ന് കടലിലേക്ക് വലിച്ചെറിഞ്ഞ ശേഷം അന്താരാഷ്ട്ര സമുദ്രാതിർത്തി കടന്നു പോവുകയായിരുന്നു. അന്വേഷണ സംഘം മയക്കുമരുന്ന് കടലിൽ നിന്നും കണ്ടെടുക്കുകയായിരുന്നു.

&&&&&&&&&&&&&&&&

## FDI PHARMA

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണ മേഖലയ്ക്ക് ലഭിച്ചത് 11,888 കോടി രൂപയുടെ നേരിട്ടുള്ള വിദേശ നിക്ഷേപം. 2024 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കാണിത്. ഇതിനുപുറമെ, 2024-25 കാലയളവിൽ നിലവിലുള്ള പദ്ധതികൾക്കായി 7,246.4 കോടി രൂപയുടെ 13 എഫ്.ഡി.ഐ. നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്യുതോടെ ആകെ നിക്ഷേപം 19,134.4 കോടി രൂപയായി ഉയർന്നു.

&&&&&&&&&&&&&&&&

## REV. BIHAR- KHELO INDIA

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ന്റെ ഭാഗ്യചിഹ്നവും മുദ്രയും പുറത്തിറക്കി. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ, ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ, പട്നയിലാണ് പരിപാടി നടന്നത്. അടുത്ത മാസം 4 മുതൽ 15 വരെ ബീഹാറിലെ വിവിധ നഗരങ്ങളിലായാണ് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 സംഘടിപ്പിച്ചിരിക്കുന്നത്. വോളിബോൾ, ബാസ്കറ്റ്ബോൾ, ബോക്സിംഗ്, കബഡി തുടങ്ങിയ ഗെയിമുകൾക്ക് പുറമേ അത്ലറ്റിക്സ്, സെപാക് താക്രോ എന്നീ മത്സരങ്ങളും നടക്കും.

&&&&&&&&&&&&&&&&

## HEADLINE 5

## J CHINJURANI

കേരളത്തെ ദാരിദ്ര്യമുക്തമാക്കാൻ ലക്ഷ്യമിട്ട് ഫലപ്രദമായ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കി വരികയാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. പൊതുവിതരണ സംവിധാനങ്ങൾ വഴിയും കുറഞ്ഞ നിരക്കിൽ ഉൽപന്നങ്ങൾ കൃത്യമായി നൽകുന്നതിനാൽ പട്ടിണിയില്ലാതെ ജീവിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. 10 രൂപക്ക് പ്രഭാതഭക്ഷണം ഒരുക്കുന്ന കൊല്ലം കോർപറേഷന്റെ 'ഗുഡ്മോണിങ് കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം ചിന്നക്കട ബസ് ബേയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&

## HEADLINE 6

## IPL

ഐപിഎൽ ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയൻറ്സ്- ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം. ഉത്തർ പ്രദേശിലെ ലക്നൗ വിലാണ് മത്സരം.

&&&&&&&&&&&&&&&&

## ARCHERY

അമേരിക്കയിലെ ഫ്ലോറിഡയിൽ നടന്ന ഈ വർഷത്തെ ആർച്ചറി വേൾഡ് കപ്പിൽ ഇന്ത്യയുടെ ധീരജ് ബൊമ്മദേവര വെങ്കല മെഡൽ നേടി. പുരുഷന്മാരുടെ വ്യക്തിഗത റീകർവ് ഇനത്തിൽ സ്പെയിൻ താരത്തെ പരാജയപ്പെടുത്തിയാണ് ധീരജിന്റെ നേട്ടം. ഇതോടെ ഒരു സ്വർണ്ണം, ഒരു വെള്ളി, രണ്ട് വെങ്കലം എന്നിങ്ങനെ നാല് മെഡലുകളാണ് ആർച്ചറി വേൾഡ് കപ്പിൽ ഇന്ത്യ കരസ്ഥമാക്കിയത്.

&&&&&&&&&&&&&&&&

## TABLE TENNIS

ചൈനയിൽ നടക്കുന്ന ഈ വർഷത്തെ രാജ്യാന്തര ടേബിൾ ടെന്നീസ് ഫെഡറേഷൻ ലോകകപ്പിൽ വനിതാ സിംഗിൾസ് വിഭാഗത്തിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ താരങ്ങളായ മണിക ബത്രയും ശ്രീജ അകുലയും

വിജയിച്ചു. ന്യൂ കാലിഡോണിയൻ താരത്തെയും ഓസ്ട്രേലിയൻ താരത്തെയുമാണ് ഇവർ പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&

## HOCKEY

ഓസ്ട്രേലിയൻ പര്യടനത്തിനുള്ള 26 അംഗ ഇന്ത്യൻ വനിതാ ഹോക്കി ടീമിനെ പ്രഖ്യാപിച്ചു. ഈ മാസം 26 മുതൽ മെയ് 4 വരെ പെർത്ത് ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ. പരമ്പരയിലെ ആദ്യ രണ്ട് മത്സരങ്ങളിൽ ഇന്ത്യ - ഓസ്ട്രേലിയ എ ടീമിനെയും മൂന്ന് മത്സരങ്ങളിൽ ഓസ്ട്രേലിയയുടെ സീനിയർ ടീമിനെയും നേരിടും.

&&&&&&&&&&&&&&&&

## HEADLINE 3

## HM - FORENSIC SCIENCE SUMMI-INTRO

രാജ്യത്തെ നീതിന്യായ വ്യവസ്ഥയെ ജനകേന്ദ്രീകൃതവും ശാസ്ത്രീയവുമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ നടന്ന അഖിലേന്ത്യാ ഫോറൻസിക് സയൻസ് ഉച്ചകോടിയെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതി തേടുന്നവർക്ക് സമയബന്ധിതമായി നീതി ലഭിക്കുന്നുണ്ടെന്നു ഉറപ്പാക്കാൻ സർക്കാർ പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

രാജ്യത്തെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ ഫോറൻസിക് സയൻസിന്റെ പ്രാധാന്യം വ്യക്തമാക്കിയ ശ്രീ ഷാ സമയബന്ധിതമായി നീതി നൽകുന്നതിൽ ഫോറൻസിക് സയൻസ് ഉപയോഗപ്രദമാണെന്നും ചൂണ്ടിക്കാട്ടി. മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ 21-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ പരിഷ്കാരങ്ങളാണെന്നും ആഭ്യന്തരമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

## VISHU KERALA

ഐശ്വര്യത്തിൻറേയും സമൃദ്ധിയുടേയും പ്രതീകമായ വിഷു ആഘോഷിച്ച് ലോകമെമ്പാടുമുള്ള മലയാളികൾ. ക്ഷേത്രങ്ങളിലും വീടുകളിലും വിഷുക്കണി ഒരുക്കിയും കണികണ്ടും, കൈനീട്ടം നൽകിയും, സദ്യ ഒരുക്കിയുമാണ് പ്രധാനമായും ആഘോഷം നടന്നത്. പ്രധാനക്ഷേത്രങ്ങളിൽ വിഷുക്കണി കാണാനും വിഷുകൈനീട്ടം വാങ്ങാനും പുലർച്ചെ വൻ തിരക്കാണ് അനുഭവപ്പെട്ടത്.

&&&&&&&&&&&&&&&&

## WEATHER

കേരളത്തിൽ വിവിധ ജില്ലകളിൽ കനത്ത മഴ. കണ്ണൂർ ജില്ലയിൽ ശക്തമായ കാറ്റിൽ പലയിടത്തും നാശ നഷ്ടമുണ്ടായി. ഇടുക്കി ജില്ലയിലെ ചില പ്രദേശങ്ങളിൽ കാറ്റിലും മഴയിലും മരങ്ങൾ കടപുഴകി വീണു, ഗതാഗതം തടസ്സപ്പെട്ടു. അതേസമയം സംസ്ഥാനത്തു ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## RUSSIA - INDIA - 78TH ANNIVERSARY

നയതന്ത്ര ബന്ധം 78 വർഷം പൂർത്തിയാക്കിയതിൽ ഇന്ത്യയെ അഭിനന്ദിച്ച് റഷ്യൻ വിദേശകാര്യ മന്ത്രാലയം. ഉഭയകക്ഷി ബന്ധത്തിന്റെ വളർച്ചയിൽ ആത്മവിശ്വാസം പ്രകടിപ്പിച്ച റഷ്യൻ വിദേശകാര്യ മന്ത്രാലയം, ഇന്ത്യയുമായുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ദൃഢമാക്കാനുള്ള പ്രതിബദ്ധത വ്യക്തമാക്കി. യു. എൻ. സുരക്ഷാ കൗൺസിലിൽ സ്ഥിരാംഗത്വത്തിനായുള്ള ഇന്ത്യയുടെ ശ്രമത്തിന് പിന്തുണ ഉറപ്പു നൽകിയ റഷ്യ, ഇരു രാജ്യങ്ങളും തമ്മിലുള്ള രാഷ്ട്രീയ സംഭാഷണങ്ങളും ഉന്നതതല യോഗങ്ങളുംശക്തമായി തുടരുകയാണെന്ന് ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&

&&&&&&&&&&

&&&